# സ്വന്തം ദൃഷ്ടിയിൽ ശരി എന്ന് തോന്നുന്നത് ചെയ്യുന്നതിലെ അപകടം

സാക് പുന്നൻ

WFTW 24 ഫെബ്രുവരി 2012

ന്യായാധിപന്മാർ 17 മുതൽ 21 വരെയുള്ള അദ്ധ്യായങ്ങളിൽ യിസ്രായേല്യരുടെ വിഗ്രഹാരാധന, ദുർമാർഗ്ഗം, യുദ്ധങ്ങൾ എന്നിവയെക്കുറിച്ച് വായിക്കുന്നു. തന്നെ പ്രതിനിധീകരിക്കുവാൻ ദൈവം തെരഞ്ഞെടുത്ത ഒരു രാഷ്ട്രത്തിൻറെ അധ:പതിച്ച അവസ്ഥയാണ് ഇവിടെ വെളിപ്പെടുന്നത്. സോദോമിൻറെയും ഗോമോറയുടെയും നിലവാരത്തിലേക്ക് അത് താഴ്ന്നിരുന്നു.

ന്യായാധിപന്മാർ 17:713ൽ പ്രസംഗം തൊഴിലായി സ്വീകരിച്ച് എവിടെ തനിക്കു നല്ല ശമ്പളവും മറ്റു സൗകര്യങ്ങളും ലഭിക്കുമോ അവിടെ പോകാൻ തയ്യാറുള്ള ഒരുവനെ നാം കാണുന്നു. ഏറ്റവും കൂടുതൽ സൗകര്യം വാഗ്ദാനം ചെയ്യുന്നവർക്ക് പുരോഹിതനായി ശുശ്രൂഷ ചെയ്യുവാൻ താൽപര്യമുള്ള ഒരു ലേവ്യനെയാണ് ഇവിടെ കാണുന്നത്. ഒരു വ്യാപാരി വന്നു നല്ല ശമ്പളവും എല്ലാ വർഷവും ഒരു ജോഡി പുതിയ വസ്ത്രവും സൗജന്യ താമസസൗകര്യവും വാഗ്ദാനം ചെയ്തു. പ്രസംഗകൻ ഉടനെ അവനുമായി കരാർ ഒപ്പിട്ടു. ലേവ്യനായ ഒരു പ്രസംഗകനെ ശമ്പളം കൊടുത്തു കൂടെ നിർത്തിയിരിക്കുന്നതു കൊണ്ട് ദൈവം ഇപ്പോൾ ധാരാളമായി തന്നെ അനുഗ്രഹിക്കും എന്ന് ആ വ്യാപാരി കരുതി. നാം ഇന്ന് കാണുന്നതുമായി എത്ര ചേർന്നിരിക്കുന്നു ഈ കാര്യങ്ങൾ!!. ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ നടന്ന ഒരു കഥപോലെ നമുക്ക് തോന്നും. ഇത്തരമൊരു ദയനീയ അവസ്ഥയ്ക്ക് കാരണം ഈ സംഭവങ്ങൾ വിശദീകരിക്കുന്നതിനു തൊട്ടു മുമ്പുള്ള വാക്യത്തിൽ കാണുന്നു, 'ഓരോരുത്തൻ ബോധിച്ചതുപോലെ നടന്നു' (17:6).

ന്യായാധിപന്മാരുടെ കാലഘട്ടത്തിലെ അവസ്ഥ മുഴുവൻ വ്യക്തമാക്കുന്നതാണ് ഈ വാക്യം. അതുകൊണ്ടുതന്നെ ഏറ്റവും അനുയോജ്യമായി, ന്യായാധിപന്മാരുടെ പുസ്തകത്തിൻറെ അവസാന വാചകമായി ഈ വാക്യം വീണ്ടും ആവർത്തിക്കുന്നു. 'ആ കാലത്ത് യിസ്രായേലിൽ രാജാവില്ലായിരുന്നു. ഓരോരുത്തൻ തനിക്കു ബോധിച്ചത്പോലെ നടന്നു' (ന്യായാ.21:25).

ആ നാളുകളിൽ യിസ്രായേല്യർ ആ വിധമാണ് ജീവിച്ചത്. ഈ കാലഘട്ടത്തിൽ അനേകം ക്രിസ്ത്യാനികളും അങ്ങനെതന്നെയാണ് ജീവിക്കുന്നതും. യേശു അവരുടെ ജീവിതത്തിൽ രാജാവല്ല. അതിനാൽ അവർ ബോധിച്ചതുപോലെ നടക്കുന്നു. അവർക്ക് ബോധിച്ചതുപോലെ പണം ചിലവഴിക്കുന്നു. അവർക്ക് ബോധിച്ചതുപോലെ ജീവിക്കുന്നു. പ്രസംഗകർ കൂടുതൽ വരുമാനമുള്ളയിടത്തേക്ക് പോകുന്നു. ദൈവഹിതത്തെ കുറിച്ചോ, അവരെകുറിച്ചുള്ള ദൈവത്തിൻറെ തികവുള്ള പദ്ധതിയെക്കുറിച്ചോ ഒരു ധാരണയുമില്ലാതെ അവർ ജീവിക്കുന്നു.

ദൈവം ഇപ്പോൾ യേശുക്രിസ്തുവിനെ നമുക്ക് മാതൃകയായി നൽകിയിരിക്കുന്നു. യേശുക്രിസ്തുവിനെ നമ്മുടെ കർത്താവും രാജാവുമായി നാം അനുഗമിക്കുന്നില്ലെങ്കിൽ നമ്മളും ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്ന ആ യിസ്രായെല്യരെപോലെ അവസാനിക്കും.